KERALA CATHOLIC BISHOPS' COUNCIL'S
BIBLE COMMISSION

PASTORAL ORIENTATION CENTRE
P.B. No. 2251, PALARIVATTOM
Cochin, Kerala, India - 682 025
Ph: 0484 - 2805897
E-mail: secretary@keralabiblesociety.com
www.keralabiblesociety.com

27-12-2023

***സംസ്ഥാന ബൈബിൾ കലോത്സവം ഡിസംബർ 29,30 തിയതികളിൽ തേവര എസ്.എച്ച്-ൽ***

കൊച്ചി: കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 29,30 തിയതികളിൽ നടത്തപ്പെടുന്ന സംസ്ഥാന ബൈബിൾ കലോത്സവത്തിന് ഇക്കുറി തേവര എസ് എച്ച് കോളേജ്, എസ് എച്ച് ഹയർ സെക്കന്ററി സ്കൂൾ, എസ് എച്ച് പബ്ലിക് സ്കൂൾ, എസ് എച്ച് ഹൈസ്കൂൾ എന്നിവ വേദിയാകും.

ഡിസംബർ 29-ന് ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. ജെയിംസ് ആനാപ്പറമ്പിൽ ബൈബിൾ കലോത്സവം ഉദ്ഘാടനം ചെയ്യും. രാവിലെ 8-ന് നടക്കുന്ന ബൈബിൾ സന്ദേശ റാലിക്കുശേഷം ബൈബിൾ കമ്മീഷൻ സെക്രട്ടറി ഫാ ജോജു കോക്കാട്ട് പതാക ഉയർത്തും. തുടർന്ന് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ പി.ഒ.സി ഡയറക്ടർ ഫാ. ജേക്കബ് ജി. പാലക്കാപ്പിള്ളി അധ്യക്ഷത വഹിക്കും. ബൈബിൾ കലോത്സവം ജനറൽ കൺവീനർ ആന്റണി പാലിമറ്റം സ്വാഗതം ആശംസിക്കും.

കേരള കത്തോലിക്കാ സഭയിലെ വിവിധ റീത്തുകളിൽ ഉൾപ്പെടുന്ന 19 രൂപതകളിൽ നിന്നായി 1000-ത്തിൽ പരം മത്സരാർത്ഥികൾ രണ്ടു ദിവസങ്ങളിലായി നടത്തപ്പെടുന്ന കലാമത്സരങ്ങളിൽ മാറ്റുരയ്ക്കും. 11 കലാ ഇനങ്ങളിൽ ജൂനിയർ സീനിയർ വിഭാഗങ്ങളിലായി എട്ടു വേദികളിൽ കലാമത്സരങ്ങൾ നടത്തപ്പെടുന്നു.

ഡിസംബർ 30 വൈകിട്ട് 4 മണിയോടെ ബൈബിൾ കലോത്സവത്തിന് സമാപനമാകും. സമാപന സമ്മേളനത്തിൽ സീറോ മലബാർ സഭാ അഡ്മിനിസ്ട്രേറ്റർ ബിഷപ്പ് ഡോ. സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ മുഖ്യാതിഥി ആയിരിക്കും. ഏറ്റവും കൂടുതൽ പോയിന്റുകൾ നേടിയ രൂപതകൾക്കുള്ള ഓവറോൾ ചാമ്പ്യൻഷിപ്പും ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുകളും മറ്റു സമ്മാനങ്ങളും നല്കപ്പെടും.

രണ്ടു ദിവസം നീണ്ടുനിൽക്കുന്ന ബൈബിൾ കലോത്സവത്തിൽ സംഗീതം, നൃത്തം, പ്രഭാഷണം, അഭിനയം തുടങ്ങിയ കലകളിൽ ആണ് മുഖ്യമായും മത്സരം നടത്തപ്പെടുന്നത്. കൂടാതെ ബൈബിൾ വിജ്ഞാനത്തിൽ കൂടുതൽ അവഗാഹമുള്ള മത്സരാർത്ഥികൾക്കായി ആധുനിക സാങ്കേതിക രീതിയിലുള്ള ക്വിസ് മത്സരം നടത്തപ്പെടും. ഇടവക, ഫൊറോന, രൂപത എന്നീ തലങ്ങളിൽ വിജയിച്ച മത്സരാർത്ഥികളാണ് സംസ്ഥാനതല മത്സരത്തിനായി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ഇവിടെ എത്തുന്നത്. പങ്കെടുക്കാനെത്തുന്നവർക്ക് പാലാരിവട്ടം പി.ഒ.സി.യിലും കലൂർ റീന്യൂവൽ സെന്ററിലും താമസസൗകര്യം ഒരുക്കിയിട്ടുണ്ട്.

**ഡോ. ജോജു കോക്കാട്ട്**
സെക്രട്ടറി, കെസിബിസി ബൈബിൾ കമ്മീഷൻ